കോളായി പ്രിയദർശിനി യൂത്ത് സെന്റർ പ്രവർത്തകർ ശുചീകരണം നടത്തുന്നു.

കുറുമാത്തൂരിൽ വാർഡ് മെമ്പർ എൻ.പി. റസാഖിന്റെ നേതൃത്വത്തിൽ ശുചീകരിക്കുന്നു.

പട്ടുവം കൂത്താട്ട് ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം അഡ്വ.രാജീവൻ കപ്പച്ചേരി നിർവഹിക്കുന്നു.

മികച്ച ഹരിത ഗ്രൂപ്പിനുള്ള സംസ്ഥാന അവാർഡ് നേടിയ തൃച്ചാംബരം ഹരിത ഗ്രൂപ്പിന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉപഹാരം നൽകുന്നു.

# ഗാന്ധിജയന്തിദിനാഘോഷം സംഘടിപ്പിച്ചു

സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂളിൽ ബാപ്പുജി അനുസ്മരണത്തിൽ റിട്ട. ഹെഡ്മാസ്റ്റർ എം.കെ. രമേഷ് കുമാർ സംസാരിക്കുന്നു.

പരിയാരം സ്റ്റേഷനിലെ ഉദ്യോഗസ്ഥർ രൂപീകരിച്ച രക്തദാനസേനയുടെ ലിസ്റ്റ് എ.എസ്.ഐ സാംസൺ റെഡ് ഈസ്റ്റ്വുഡ് കേരള ഭാരവാഹികൾക്ക് കൈമാറുന്നു.

പൂണങ്ങോട് എ. എൽ.പി സ്കൂൾ വിദ്യാർത്ഥികൾ ശുചീകരണം നടത്തുന്നു.

തളിപ്പറമ്പ: സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ബാപ്പുജി അനുസ്മരണ സദസ് സംഘടിപ്പിച്ചു. റിട്ടയേർഡ് ഹെഡ്മാസ്റ്ററും ഗ്രന്ഥശാലാ പ്രവർത്തകനുമായ എം.കെ രമേഷ് കുമാർ അനുസ്മരണ പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ എം. കാസിം, പ്രോഗ്രാം ഓഫീസർ മൊയ്തു പാറമ്മൽ, പി.വി.മുഹമ്മദ് അഷ്റഫ് സംസാരിച്ചു. തുടർന്ന് സ്കൂളും പരിസരവും വളണ്ടിയർമാർ ശുചീകരിച്ചു.

മയ്യിൽ: കോറളായി പ്രിയദർശിനി യൂത്ത് സെന്റർ ആഭിമുഖ്യത്തിൽ ഗാന്ധി അനുസ്മരണവും പുഷ്പാർച്ചനയും നടത്തി. ക്ലീൻ കോറളായി എന്ന പേരിൽ ഒന്നര കിലോമീറ്റർ റോഡിന്റെ ഇരുവശവും കടുകൾ വെട്ടിത്തെളിയിച്ച് വൃത്തിയാക്കി. കെ.പ്രജിഷ്, കെ.ഷൈനു, പി.പി.മമ്മു, കെ.പി.ഉസ്മൻ, കെ.ശ്രിജേഷ് കെ.നസീർ, കെ.കലേഷ് നേതൃത്വം നൽകി.

കുറുമാത്തൂർ: ഗാന്ധി ജയന്തി ദിനത്തിൽ കുറുമാത്തൂർ റേഷൻ കട പരിസരവും പൊതു കിണറും ശുചീകരണം വാർഡ് മെമ്പർ എൻ.പി.റസാഖ് ഉൽഘാടനം ചെയ്തു. വികസന സമതി കൺവീനർ കെ. വി.ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. കെ.ശ്രീജിത്ത്, സുരേന്ദ്രൻ, മുഹമ്മദ്, കെ.വി.ഗോകുൽ സംസാരിച്ചു.

പട്ടുവം: കൂത്താട്ട് കുടുംബശ്രീ എ. ഡി. എസിന്റെ നേതൃത്വത്തിൽ 14 അയൽകൂട്ടങ്ങളുടെ നേതൃത്വത്തിൽ വിവിധ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തി നടത്തി. വാർഡ്തല ഉദ്ഘാടനം അഡ്വ.രാജീവൻ കപ്പച്ചേരി നിർവ്വഹിച്ചു. സി.ഡി.എസ് സെക്രട്ടറി കെ.വി.സുജാത അദ്ധ്യക്ഷത വഹിച്ചു. ഇ.ശ്രുതി, ടി.ദാമോദരൻ, പി. ആലി, പി.പ്രദീപൻ, സി ഉഷസ്സ് നേതൃത്വം നൽകി.

ശ്രീകണ്ഠപുരം: ഗാന്ധി ജയന്തി ദിനാചരണത്തിന്റെ ഭാഗമായി ശ്രീകണ്ഠാപുരം നഗരസഭയും വ്യാപാരി വ്യവസായി ഏകോപന സമിതിയും ചേർന്ന് ടൗൺ ശുചീകരിച്ചു. നഗരസഭാ ചെയർമാൻ പി. പി രാഘവൻ ഉൽഘാടനം ചെയ്തു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ.പി മുനീർ, വ്യാപാരി ഏകോപന സമിതി യൂണിറ്റ് പ്രസിഡണ്ട് സി.സി മാമു ഹാജി, നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ കുഞ്ഞിരാമൻ, യൂത്ത്വിംഗ് പ്രസിഡണ്ട് കെ.പി ഇബ്രാഹിം, ബി.പി നിയാസ് നേതൃത്വം നൽകി.

കൂവേരി: പൂണങ്ങോട് എ.എൽ.പി സ്കൂൾ വിദ്യാർത്ഥികൾ ഗാന്ധിജയന്തി ദിനത്തിൽ അരിപ്പാമ്പ്ര, തേറണ്ടി ബസ് കാത്തിരിപ്പ് കേന്ദ്രവും പരിസരവും വൃത്തിയാക്കി. ജലാശയങ്ങളുടെ സംരക്ഷണത്തിനായി ബോധവൽക്കരണ റാലിയും ഫ്ളാഷ്മോബും സംഘടിപ്പിച്ചു. ഡെയ്സി തോമസ്, പി.പി.ജിഷ, അബ്ദുൾറസാഖ്, ഷിജിന, അമിത ചന്ദ്രൻ, സഫീന, സജീവൻ സംസാരിച്ചു.

സബർമതി അക്കാദമിയുടെയും പബ്ലിക് ലൈബ്രറിയുടെയും ഉദ്ഘാടനം നോവലിസ്റ്റ് സി.വി. ബാലകൃഷ്ണൻ നിർവഹിക്കുന്നു.

# അഴിമതി പെരുകുന്നത് ഗാന്ധിയൻ ദർശനങ്ങളുടെ നിരാകരണം കൊണ്ട്: സി.വി. ബാലകൃഷ്ണൻ

പരിയാരം: രാജ്യത്ത് അഴിമതിയും ക്രിമിനലിസവും പെരുകുന്നത് ഗാന്ധിയൻ ദർശനങ്ങളുടെ നിരാകരണം കൊണ്ടാണെന്ന് പ്രശസ്ത നോവലിസ്റ്റ് സി.വി. ബാലകൃഷ്ണൻ പറഞ്ഞു. 545 അംഗ പാർലിമെന്റിൽ 149 ഓളം പേർ ക്രിമിനൽ പശ്ചാത്തലമുള്ള വരാണെന്ന് അദേഹം ചൂണ്ടിക്കാട്ടി. ചിത്രപ്പിലെ പൊയിലിൽ സബർമതി അക്കാദമിയുടെയും സബർമതി പബ്ലിക് ലൈബ്രറിയുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദേഹം. സബർമതി ചെയർമാൻ ഇ.ടി. രാജീവൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ സർവ്വകലാശാല മലയാള വിഭാഗം പ്രൊഫ. ഡോ.എ.എം. ശ്രീധരൻ സാംസ്കാരിക പ്രഭാഷണം നടത്തി. പി. സുഖദേവൻ മാസ്റ്റർ റിപ്പോർട്ട് അവതരിപ്പിച്ചു. സി. ശിവശങ്കരൻമാസ്റ്റർ മുഖ്യാതിഥികൾക്ക് ഉപഹാര സമർപ്പണം നടത്തി. എം. പ്രദീപ്കുമാർ, പി. സജിത ടീച്ചർ, സൗമിനി നാരായണൻ, കെ. രാമകൃഷ്ണൻ പ്രസംഗിച്ചു. സെക്രട്ടറി പയ്യട്ട നാരായണൻ സ്വാഗതവും പി. രാജീവൻ നന്ദിയും പറഞ്ഞു.

# കുഫോസിൽ മത്സ്യ മൂല്യവർധിത ഉൽപന്ന നിർമ്മാണ പരിശീലനം

പയ്യന്നൂർ: കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയുടെ (കുഫോസ്) പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ മത്സ്യ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും പരിശീലനം നൽകുന്നു. 10, 11 തീയതികളിലാണ് പരിശീലനം. പങ്കെടുക്കുന്നവർക്ക് മത്സ്യങ്ങൾ ഉപയോഗിച്ച് വിവിധതരം അച്ചാറുകൾ, കട്ലറ്റ് മുതലായ ഭക്ഷണങ്ങൾ നിർമ്മിക്കുന്നതിലെ ശാസ്ത്രീയമായ പരിശീലനം ലഭിക്കും. വനിതകൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും പരിശീലനത്തിൽ പങ്കെടുക്കാം. താല്പര്യമുള്ളവർ കുഫോസ് പയ്യന്നൂർ പ്രാദേശിക കേന്ദ്രം സ്പെഷ്യൽ ഓഫീസറുമായി ബന്ധപ്പെട്ട് എട്ടിനകം രജിസ്റ്റർ ചെയ്യണം. ഫോൺ: 04985 203570, 9447525232

സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ സ്കൗട്ട് ആന്റ് ഗൈഡ് യൂനിറ്റ് ഉദ്ഘാടനം തളിപ്പറമ്പ സിഐ കെ.ജെ.വിനോയ് നിർവഹിക്കുന്നു.

# സ്കൗട്ട് ആന്റ് ഗൈഡ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ സ്കൗട്ട് ആന്റ് ഗൈഡ് യൂനിറ്റ് ഉദ്ഘാടനം തളിപ്പറമ്പ സർക്കിൾ ഇൻസ്പെക്ടർ കെ.ജെ.വിനോയ് നിർവ്വഹിച്ചു. സ്കൂൾ മാനേജർ പി.കെ.സുബൈർ അധ്യക്ഷത വഹിച്ചു. സ്കൗട്ട് ആന്റ് ഗൈഡ്സ് ഡിസ്ട്രിക്ട് കമ്മീഷണർ എം.കെ. രമേഷ് കുമാർ, സിനി ജോസഫ്, മൊയ്തു പാറമേൽ, അബ്ദുൾ ഹക്കീം, പി.അനിത സംസാരിച്ചു. പ്രിൻസിപ്പാൾ എം. കാസിം സ്വാഗതവും സ്കൗട്ട് മാസ്റ്റർ കെ.ടി. പി.മുഹമ്മദ് യൂനുസ് നന്ദിയും പറഞ്ഞു.

# എം. ബേബി അനുസ്മരണം നടത്തി

ആലക്കോട്: മലയോര മേഖലയിലെ ആദ്യകാല സി.പി.എം നേതാവ് എം.ബേബിയുടെ ചരമവാർഷികം സി.പി.എം കൊട്ടയാട് ലോക്കൽ കമ്മിറ്റി ആഭിമുഖ്യത്തിൽ ആചരിച്ചു. കോട്ടക്കടവിൽ നടന്ന അനുസ്മരണ സമ്മേളനം ജില്ലാ കമ്മിറ്റിയംഗം കെ.എം. ജോസഫ് ഉദ്ഘാടനം ചെയ്തു. പി.ആർ.നാരായണൻ നായർ അധ്യക്ഷത വഹിച്ചു. ടി.ജി.വിക്രമൻ, എം.പി.മുരളി ദാസ് പ്രസംഗിച്ചു. കെ.പി. സാബു സ്വാഗതം പറഞ്ഞു.

# അറിയിപ്പ്

ആലക്കോട്: ആലക്കോട് ഗ്രാമപഞ്ചായത്ത് തേർത്തല്ലി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ആശുപത്രി വികസന സമിതി തീരുമാനപ്രകാരം ഒരു ലാബ് ടെക്നീഷ്യനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഗവൺമെന്റ് അംഗീകൃത കോളേജിൽ നിന്നും ഡി.എം.എൽ.ടിയോ അതിലുപരിയോ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 10. കൂടുതൽ വിവരങ്ങൾക്ക് തേർത്തല്ലി കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെടുക. ഫോൺ: 0460 2285700.

# യുവമോർച്ച ദേവസ്വം മന്ത്രിയുടെ കോലം കത്തിച്ചു

ആലക്കോട്: സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ച് ശബരിമലയെ തകർക്കാൻ ഗൂഢനീക്കം നടക്കുന്നതായി ആരോപിച്ച് യുവമോർച്ച പ്രവർത്തകർ ആലക്കോട് ടൗണിൽ പ്രതിഷേധ പ്രകടനവും ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ കോലം കത്തിക്കലും സംഘടിപ്പിച്ചു. കെ.എസ്.ശ്രീജിത്ത്, ലിറ്റോ മണി, എം.എസ്.സുമേഷ്, സി.ജി.ഗോപൻ, എം.ജി.ജയേഷ്, പി.കെ.പ്രകാശ് നേതൃത്വം നൽകി.

യുവമോർച്ച പ്രവർത്തകർ ആലക്കോട് ടൗണിൽ ദേവസ്വം മന്ത്രിയുടെ കോലവുമേന്തി പ്രതിഷേധ പ്രകടനം നടത്തുന്നു

# സി.പി.എം സ്നേഹവീടിന്റെ തറക്കല്ലിടൽ ഇന്ന്

ആലക്കോട്: സി.പി.എം തടിക്കടവ് ലോക്കൽ കമ്മിറ്റി മണാട്ടിയിലെ പണ്ണേരി രാധാമണിക്ക് നിർമ്മിച്ച് നൽകുന്ന സ്നേഹവീടിന്റെ ശിലാസ്ഥാപന കർമ്മം ഇന്ന് വൈകുന്നേരം അഞ്ച് മണിക്ക് മണാട്ടിയിൽ പി.പി.ഷാജിയുടെ അധ്യക്ഷതയിൽ ജില്ലാ സെക്രട്ടേറിയറ്റംഗം ടി.കെ.ഗോവിന്ദൻ മാസ്റ്റർ നിർവഹിക്കും.

സി.പി.എം കൊട്ടയാട് ലോക്കൽ കമ്മിറ്റി സംഘടിപ്പിച്ച എം. ബേബി അനുസ്മരണ സമ്മേളനം കോട്ടക്കടവിൽ കെ.എം.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

# കോളേജ് സ്ഥാപക ദിനം ആചരിച്ചു

ശ്രീകണ്ഠപുരം: എസ്.ഇ.എസ് കോളേജിന്റെ സ്ഥാപക ദിനാചരണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി സുമേഷ് ഉദ്ഘാടനം ചെയ്തു. മാനേജർ വിനിൽ വർഗീസ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. ഡൊമിനിക് തോമസ്, പ്രൊഫ. വി. ഡി ജോസഫ്, കെ. ടി ഇബ്രാഹിം ഹാജി, ഡോ.കെ. വി .ഫിലോമിന, പ്രൊഫ. ഷീല എം. ജോസഫ്, ബീന ജോസഫ്, തോമസ് ഓലിക്കൽ, ബി. അർജുൻ, എം.അക്ഷയ് സംസാരിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന ഒരു ലക്ഷം രൂപയുടെ ചെക്ക് കോളേജ് മാനേജർ വിനിൽ വർഗീസ് ജില്ലാ പഞ്ചായത്തു പ്രസിഡണ്ടിന് കൈമാറി.


**നോട്ടീസ്**

1992 മാർച്ചിലെ 472102 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്. എസ്. എൽ. സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

ഷീന കോട്ടപ്പൊയിൽ
D/o. കുഞ്ഞമ്പു
ചെക്യാട്
പി. ഒ. ചെക്യാട്, കോഴിക്കോട് Dt.

**നോട്ടീസ്**

1986 മാർച്ചിലെ 301691 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്. എസ്. എൽ. സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

സി. വി. ബാബുരാജ്
S/o. രാമൻ പണിക്കർ
ചാക്കരവളപ്പിൽ, പരിശിനിക്കടവ്
പി. ഒ. പറശിനിക്കടവ് – 670563


# • റെയിൽവെ, ദേശസാൽകൃത –വാണിജ്യബാങ്കുകൾ, യു.പി.എസ്.സി.പരീക്ഷകൾ നടക്കുന്നത് ഇവിടെയാണ് • യാത്രാ – താമസ സൗകര്യങ്ങളില്ലാതെ നിരവധി ഉദ്യോഗാർത്ഥികൾ ദുരിതത്തിൽ

# ഓൺലൈൻ പരീക്ഷാകേന്ദ്രം ശ്രീകണ്ഠപുരത്ത്: ഉദ്യോഗാർത്ഥികൾക്ക് ദുരിതം

പി.മനൂപ്

ശ്രീകണ്ഠപുരം: കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും ഉൾപ്പെടെ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ജില്ലക്കു പുറത്തു കൂടി അനുവദിച്ചതോടെ ശ്രീകണ്ഠപുരത്തെത്തുന്ന ഉദ്യോഗാർത്ഥികൾ പലരും ദുരിതത്തിലായി. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള ഒട്ടേറെപ്പേർക്ക് ശ്രീകണ്ഠപുരത്ത് പരീക്ഷാ കേന്ദ്രമായി കിട്ടിയതോടെ അനുഭവിക്കുന്ന ദുരിതം ഏറെയാണ്. വിവിധ ജില്ലകളിൽ നിന്നായി എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാ ദുരിതത്തിന് പുറമെ താമസ സൗകര്യമോ പ്രാഥമിക സൗകര്യങ്ങളോ ലഭിക്കാതെ വലയുകയാണ് ഇവിടെ.

ഓൺലൈൻ ആയതിനാൽ റെയിൽവേ പോലുള്ള പരീക്ഷകൾ ഒരു മാസത്തിലേറെ നീളാറുണ്ട്. റെയിൽവെ, യു.പി.എസ്.സി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തുടങ്ങി വിവിധ പരീക്ഷകളാണ് ഇപ്പോൾ ഓൺ ലൈനായി നടക്കുന്നത്. ദിവസങ്ങളോളം നടക്കുന്ന പരീക്ഷകളാണ് ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷൻ പരിസരത്തുള്ള കെ എസ് ഇ ബി ഓഫീസിനു മുകളിലെ വാടക മുറികളിലെ ഓൺലൈൻ കേന്ദ്രത്തിൽ നടക്കുന്നത്. ദിനംപ്രതി ജില്ലക്ക് പുറമെ നിന്നടക്കം മുന്നൂറോളം പേർ വിവിധ സമയങ്ങളിലായി ഇവിടെ പരീക്ഷയെഴുതുവാനെത്താറുണ്ട്.

18 നും 25നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരാണ് ഉദ്യോഗാർത്ഥികളിൽ ഭൂരിഭാഗവും. രാവിലെ ഏഴിന് തന്നെ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതിനാൽ പെൺകുട്ടികളും രക്ഷിതാക്കളും ഉൾപ്പെടെ തലേ ദിനം തന്നെ ശ്രീകണ്ഠപുരത്ത് എത്തുന്നുണ്ടെങ്കിലും താമസിക്കാനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനും സൗകര്യമില്ലാതെ പാടുപെടുന്ന കാഴ്ചയാണുള്ളത്. രാജ്യവ്യാപകമായി നടക്കുന്ന പരീക്ഷയായതിനാൽ സമയത്തിൽ വിട്ടുവീഴ്ച വരുത്താൻ അധികൃതർക്ക് കഴിയില്ല. വൈകിയെത്തുന്നവർക്ക് കാരണമുണ്ടെങ്കിലും അത് പരിഗണിക്കപ്പെടില്ല. അന്യജില്ലയിൽ നിന്നും വന്നതിനാൽ വൈകിയെന്ന് പറഞ്ഞിട്ടും ഫലമില്ലാതെ വന്നതിനാൽ പലരും കണ്ണീരുമായി മടങ്ങേണ്ടി വന്നത് ഇവിടെ സങ്കടക്കാഴ്ചയായിരുന്നു.

വിദൂരങ്ങളിൽ നിന്നടക്കം പരീക്ഷയെഴുതാൻ യുവതികൾക്കൊപ്പം മാതാപിതാക്കളും എത്താറുണ്ട്. പക്ഷേ വേണ്ടത്ര ലോഡ്ജുകൾ ഇല്ലാത്തതിനാൽ ശ്രീകണ്ഠപുരത്തെ ചില വീടുകളാണ് പലപ്പോഴും ഇവർക്ക് തുണയാകുന്നത്. ചിലർ കുടുംബസമേതം സ്വന്തം വാഹനങ്ങളിലും ടാക്സികളിലും എത്തുന്നുണ്ട്. അവർ വണ്ടികളിൽ തന്നെയുറങ്ങും.

എന്നാൽ പാവപ്പെട്ട വീടുകളിൽ നിന്നുള്ളവരുടെ സ്ഥിതി പരമ ദയനീയമാണ്. ഒറ്റയ്ക്ക് എത്തുന്ന യുവാക്കളും മുറി കിട്ടാതെ നട്ടം തിരിയേണ്ട സ്ഥിതിയാണുള്ളത്.

ശ്രീകണ്ഠപുരം ബസ് സ്റ്റാന്റിലെ നാമമാത്രമായ പൊതു ശൗചാലയം തുറക്കണമെങ്കിൽ രാവിലെ ഏഴര മണി കഴിയണം. കുളിക്കാനുള്ള സൗകര്യവും ഇവിടെയില്ല. ലക്ഷങ്ങൾ തുലച്ച് പണിത ടേയ്ക്ക് എ ബ്രേക്ക് പോലും ഇവിടെ അനാഥമാണ്. ട്രെയിനുകളിലും മറ്റും കണ്ണൂരിലെത്തി ഇവിടേക്ക് അതാത് ദിവസം പരീക്ഷയ്ക്കെത്തുന്നവരാണെങ്കിൽ സമയത്തിന് ബസ് ലഭിക്കാതെ വലയുന്നതും പതിവാണ്.

തലശ്ശേരി ഭാഗത്ത് നിന്ന് ശ്രീകണ്ഠപുരത്തേക്ക് നേരിട്ട് ബസില്ല. കണ്ണൂരിൽ നിന്നും തളിപ്പറമ്പ് വഴി വന്നാൽ ലിമിറ്റഡ് സ്റ്റോപ്പ് ബസ് ശ്രീകണ്ഠപുരത്തേക്ക് കുറവാണ്. വൈകിട്ട് 5.30നും 6.30 നും ചില പരീക്ഷകൾ കഴിഞ്ഞാൽ തിരികെ നാട്ടിലേക്ക് പോകാനായി ട്രെയിൻ ലഭിക്കാൻ കൃത്യസമയത്ത് കണ്ണൂരിലേക്കെത്താനുള്ള ഉദ്യോഗാർത്ഥികളുടെ കഷ്ടപ്പാട് പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്.

കഴിഞ്ഞ പ്രളയകാലത്തും ഇവിടെ പരീക്ഷയുണ്ടായിരുന്നു. തളിപ്പറമ്പ്-ശ്രീകണ്ഠപുരം – ഇരിട്ടി സംസ്ഥാന പാതയടക്കം പ്രളയത്തിൽ മുങ്ങിയപ്പോഴും പരീക്ഷയെഴുതാൻ ത്യാഗംസഹിച്ച് നിരവധി ഉദ്യോഗാർത്ഥികൾ എത്തിയിരുന്നു. പരീക്ഷാ കേന്ദ്രത്തിൽ ഉദ്യോഗാർത്ഥികൾക്കല്ലാതെ മറ്റാർക്കും പ്രവേശനമില്ല. പരീക്ഷക്കു വരുന്ന പെൺകുട്ടികളുടെ കൂടെയെത്തിയ അമ്മമാരടക്കം ഇരിക്കുവാൻ പോലും സൗകര്യങ്ങളില്ലാതെ സംസ്ഥാന പാതയോരങ്ങളിലും കടവരാന്തകളിലും നിൽക്കേണ്ട ഗതികേടാണുള്ളത്. പ്രാഥമിക കൃത്യങ്ങൾ പോലും ചെയ്യാനാവാത്തെ മണിക്കൂറുകൾ ദുരിതം സഹിച്ച് നിൽക്കുകയാണ് മാതാപിതാക്കൾ. ഉന്നത നിലവാരമുള്ള പരീക്ഷകൾക്ക് കേന്ദ്രം അനുവദിക്കുമ്പോൾ മികച്ച സൗകര്യവും മറ്റും ഒരുക്കണമെന്ന മാനദണ്ഡം പോലും ഇവിടങ്ങളിൽ പാലിക്കാത്തത് ഏറെ ചർച്ചയായിട്ടുണ്ട്. ഇക്കാര്യത്തിൽ യുവജന സംഘടനകളടക്കം പ്രതിഷേധവുമായി രംഗത്തുവന്നിട്ടുണ്ട്.

# ക്ഷേത്രാചാരങ്ങളിൽ മാറ്റം വരുത്തരുത്: തന്ത്രി സമാജം

കണ്ണൂർ: ശബരിമല ക്ഷേത്രത്തിലെ പരമ്പരാഗത ആചാരങ്ങൾക്ക് വിരുദ്ധമായി സ്ത്രീ പ്രവേശനത്തിന് അനുമതി നൽകിയ സുപ്രീംകോടതി വിധി ക്ഷേത്ര വിശ്വാസികളുടെ വികാരത്തെ മാനിക്കാതെ ധൃതിപ്പെട്ട് നടപ്പിലാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നടപടി അപലപനീയമാണെന്ന് ഉത്തരമേഖല തന്ത്രി സമാജം യോഗം അഭിപ്രായപ്പെട്ടു. വിശ്വാസി സമൂഹത്തിന്റെ ആശങ്കകളെ അവഗണിച്ച് കൊണ്ട് ക്ഷേത്രാചാരങ്ങളിൽ മാറ്റം വരുത്തുന്നത് അഭികാമ്യമല്ല. വിശ്വാസത്തെയും വികാരങ്ങളെയും മാനിക്കാത്ത കോടതിവിധികളല്ല. പകരം വിവേകത്തോടെ വിശ്വാസി സമൂഹത്തിന്റെ ആശങ്കകളകറ്റുന്ന തീർപ്പുകളാണ് സർക്കാർ കൈക്കൊള്ളേണ്ടത്. ക്ഷേത്രങ്ങൾ ടൂറിസ്റ്റ് സെന്ററുകളല്ല. പാർക്കോ, തിയറ്ററോ പോലുള്ള പൊതു ഇടങ്ങളുമല്ല. അതുകൊണ്ട് തന്നെ വിവേചനം എന്നത് ഇവിടെ പ്രസക്തമല്ലെന്നും യോഗം അഭിപ്രായപ്പെട്ടു. സമാജം ഉത്തരമേഖലാ അധ്യക്ഷൻ കാട്ടുമാടം ഈശാനൻ നമ്പൂതിരിപ്പാട്, സെക്രട്ടറി ഇടവലത്ത് പുടയൂർ ജയനാരായണൻ നമ്പൂതിരിപ്പാട് സംസാരിച്ചു.

ശ്രീകണ്ഠപുരം എസ്.ഇ.എസ് കോളേജിന്റെ സ്ഥാപക ദിനാചരണം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി സുമേഷ് ഉദ്ഘാടനം ചെയ്യുന്നു.


**ക്വട്ടേഷൻ ക്ഷണിക്കുന്നു**

ശ്രീ പൂക്കോത്ത് കൊട്ടാരം ദേവസ്വത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ഏകദേശം 3000 sqft കമേർഷ്യൽ ബിൽഡിംഗ് നിർമ്മിച്ചു തരുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ദേവസ്വം പ്രസിഡണ്ടുമായി ബന്ധപ്പെടുക.

Mob: 9400607827

**ക്വാർട്ടേഴ്സ് വാടകയ്ക്ക്**

തളിപ്പറമ്പ് സഹകരണ ആശുപത്രിക്ക് സമീപം എല്ലാവിധ സൗകര്യങ്ങളോടും കൂടിയ 2 ബെഡ്റൂം ക്വാർട്ടേഴ്സ് വാടകയ്ക്ക്.

Mob: 8157910798
8138831113

**സ്ഥലം വിൽപനക്ക്**

കുറുമാത്തൂർ പൊക്കുണ്ട് വൈത്തല റോഡിൽ വീടിന് അനുയോജ്യമായ കിണറും തറയോടും കൂടിയ 10 സെന്റ് സ്ഥലവും കുന്നും സ്കൂളിനടുത്ത് റബ റോടുകൂടിയ 70 സെന്റ് സ്ഥലവും വിൽപനക്ക്.

9747404585
9961572874